**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3486** **12-03-2025 - ൽ മറുപടിയ്ക്ക്**

**നെൽകൃഷി ഇല്ലാത്ത പാടശേഖരങ്ങളുടെ വിവരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | ആലപ്പുഴ മണ്ഡലത്തിൽ നെൽകൃഷി ഇല്ലാത്ത പാടശേഖരങ്ങളുടെ വിശദവിവരം തദ്ദേശ സ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; | (എ) | ആലപ്പുഴ മണ്ഡലത്തിൽ നെൽകൃഷി ഇല്ലാത്ത പാടശേഖരങ്ങളുടെ വിശദവിവരം തദ്ദേശസ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിലുള്ളത് ചുവടെ ചേർക്കുന്നു :<br><br>1. ആലപ്പുഴ മുനിസിപ്പാലിറ്റി<br><br>a) കരളകം പാടശേഖരം - 34 ഹെക്ടർ<br><br>b) അത്തിത്തറ പാടം - 9.2 ഹെക്ടർ<br><br>2. മണ്ണഞ്ചേരി പഞ്ചായത്ത്<br><br>a) മാങ്കരി പാടം - 8 ഹെക്ടർ<br><br>b) ചിരട്ടക്കാട്ടുകരി - 3.2 ഹെക്ടർ<br><br>**3. മാരാരിക്കുളം വടക്ക്**<br><br>**ഏകദേശം 80 ഹെക്ടർ വിസ്തൃതിയുള്ള പുറക്കരി പാടം, കണിച്ചുകുളങ്ങര എന്നീ പാടശേഖരങ്ങളുടെ മുക്കാൽ ഭാഗം തരിശായി കിടക്കുന്നു.** |
| (ബി) | നെൽകൃഷി ഇല്ലാത്ത പാടശേഖരങ്ങളിൽ കൃഷി നടത്തുന്നതിന് വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത്; | (ബി) | കരളകം പാടശേഖരം കൃഷിയോഗ്യമാക്കുന്നതിനായി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി പാടശേഖരം കൃഷിയോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>മാരാരിക്കുളം വടക്ക പഞ്ചായത്തിൽ എം ജി എൻ ആർ ഇ ജി എസ്, ഇറിഗേഷൻ വകുപ്പ് എന്നിവയുടെ സഹായത്തോടെ ബന്ധപ്പെട്ട തോടുകൾ ആഴം കൂട്ടുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br><br>തരിശു നിലങ്ങൾ കൃഷി ചെയ്യുന്ന കർഷകർക്ക് ഹെക്ടറിന് 40000/- രൂപ നിരക്കിൽ സബ്സിഡി നൽകുന്നു. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പാടശേഖരങ്ങളിൽ കൃഷി നടത്തുവാൻ സന്നദ്ധരായിട്ടുള്ള പാടശേഖര സമിതികൾക്ക് അനുവാദം നൽകുന്നതിന് വകുപ്പ് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ? | (സി) | പാടശേഖരങ്ങളിൽ കൃഷി നടത്തുവാൻ പാടശേഖര സമിതികൾക്ക് നിലവിൽ അനുമതി ഉള്ളതാണ്. |

സെക്ഷൻ ഓഫീസർ